മാധ്യമം

06 May 2017

# ഇന്ത്യ മത്സ്യ ഉൽപാദനത്തിൽ ഒന്നാമതെത്തും –കേന്ദ്ര മന്ത്രി സുദർശൻ ഭഗത്

● സി.എം.എഫ്.ആർ.ഐയുടെ സംഭാവനകളും പ്രവർത്തനങ്ങളും അഭിനന്ദനാർഹം

**കൊച്ചി:** വരും വർഷങ്ങളിൽ മത്സ്യ ഉൽപാദനത്തിലും വിപണനത്തിലും ഇന്ത്യ ഒന്നാമതെത്തുമെന്ന് കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത്. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മത്സ്യഗവേഷണരംഗത്ത് സി.എം.എഫ്.ആർ.ഐയുടെ സംഭാവനകളും പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. തൊഴിലാളികൾക്ക് ഉപകാരപ്രദമായ കൂടുതൽ ഗവേഷണങ്ങൾ നടത്താൻ സ്ഥാപനത്തിന് കഴിയും. സി.എം.എഫ്.ആർ.ഐയുടെ സമുദ്ര കൂടുമത്സ്യകൃഷി അന്താരാഷ്ട്രതലത്തിലും പ്രചാരം നേടിവരുകയാണ്. കാലാവസ്ഥവ്യതിയാനം മൂലം മത്സ്യസമ്പത്തിന് നേരിട്ട പ്രതിസന്ധികളിൽനിന്നുള്ള അതിജീവനവും ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന ദമ്പതികളായ തൃശൂർ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് കെ.വി. കാർത്തികേയനെയും കെ.സി. രേഖയെയും മന്ത്രി പൊന്നാടയും പുരസ്കാരവും നൽകി ആദരിച്ചു. കടലിൽ കൂടുമത്സ്യകൃഷി നടത്താൻ കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെ ദമ്പതികൾക്ക് സമ്മാനിച്ചു. രേഖക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതും ഇവരുടെ ബോട്ടിൽ പുതിയ എൻജിൻ പിടിപ്പിക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്തശേഷം തീരുമാനമെടുക്കുമെന്ന് സുദർശൻ ഭഗത് അറിയിച്ചു. ഡോ. ജി. മഹേശ്വരുഡു, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാൽകൃഷ്ണ എന്നിവർ സംസാരിച്ചു.